പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2801 — 20-7-2011-ന് മറുപടിക്ക്

<u>മാലിന്യമുക്ത കേരളം പരിപാടി</u>

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ.ബി.സത്യൻ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| എ) മാലിന്യ നിർമ്മാർജ്ജനത്തിന്റെയും മാലിന്യ സംസ്കരണത്തിന്റെയും കാര്യത്തിൽ ഗൗരവ നടപടി സ്വീകരിക്കാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംസ്ഥാനത്തുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) അധികാരവും പണവും നൽകിയിട്ടും ഇക്കാര്യങ്ങളിൽ തുടർച്ചയായി വീഴ്ച വരുത്തുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; | ബി) സാങ്കേതിക സഹായവും ഭാഗിക സാമ്പത്തികവും നൽകുന്ന നടപടികളിലൂടെ പ്രോത്സാഹനം നൽകി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രേരിപ്പിക്കുന്ന നടപടിയാണ് സ്വീകരിച്ചു വരുന്നത്. |
| സി) ജനങ്ങളെ അണിനിരത്തിക്കൊണ്ട് മാലിന്യമുക്ത കേരളം പരിപാടി നടപ്പിലാക്കുന്നതിൽ വൻ വിജയം കൈവരിച്ച ത്രിതല പഞ്ചായത്തുകൾക്ക് പ്രത്യേക പ്രോത്സാഹന സമ്മാനം നൽകാൻ തയ്യാറാകുമോ? | സി) മാലിന്യ മുക്ത കേരളം കർമ്മ പരിപാടിയുടെ ഭാഗമായി ശുചിത്വ രംഗത്ത് മികച്ച നേട്ടം കൈവരിക്കുന്ന ഗ്രാമപഞ്ചായത്തുകളെയും നഗരസഭകളെയും ആദരിക്കുന്നതിനായി 'മാലിന്യ മുക്ത കേരളം അവാർഡ്' എന്ന പരിപാടി നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ